(ബി) കരടുരേഖയിലെ സമീപനത്തോടുള്ള സർക്കാരിന്റെ നിലപാട് വിശദമാക്കാമോ ; ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെയും ചെന്നൈയിൽ വച്ചുനടന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കായുള്ള ദേശീയ ആരോഗ്യനയത്തെ പ്പറ്റിയുള്ള മീറ്റിംഗിൽ സമർപ്പിച്ച റിപ്പോർട്ടിലെയും പ്രധാന നിർദ്ദേശങ്ങൾ അറിയിക്കാമോ ; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ആരോഗ്യസേവനങ്ങൾ പൂർണ്ണമായും ഇൻഷ്വറൻസ് ആധാരിതമാക്കി ആരോഗ്യസേവന മേഖല വാണിജ്യവൽക്കരിക്കുന്നത് സാധാരണക്കാരെ ഏത് വിധത്തിൽ ബാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്നറിയിക്കുമോ ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) ദേശീയ ആരോഗ്യനയത്തിലെ വിവിധ നിർദ്ദേശങ്ങൾ സംബന്ധിച്ച് പ്രശ്നാധിഷ്ഠിത സമീപനമാണ് സംസ്ഥാനം സ്വീകരിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനം കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ചെന്നൈയിൽ വച്ചുനടന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കായുള്ള ദേശീയ ആരോഗ്യനയത്തെപ്പറ്റിയുള്ള മീറ്റിംഗിലും സംസ്ഥാനം റിപ്പോർട്ട് ഒന്നും സമർപ്പിച്ചിട്ടില്ല. എന്നാൽ ദേശീയ ആരോഗ്യനയം സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം രൂപീകരിക്കുന്നതിനായി 30-1-2015-ന് കേരളത്തിൽവച്ച് നടത്തിയ കൺസൾട്ടേറ്റീവ് വർക്ക് ഷോപ്പിന്റെ റിപ്പോർട്ട് അവിടെ അവതരിപ്പിച്ചു

(സി) ഇതുസംബന്ധിച്ച് കൂടുതൽ വിശദമായ പഠനം നടത്തേണ്ടതുണ്ട്.

എൻഡോസൾഫാൻ ബാധിതർക്ക് ധനസഹായം

102 (3534) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എൻഡോസൾഫാൻമൂലം അസുഖം ബാധിച്ചവർ എത്ര ഉണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ജില്ലതിരിച്ച് വിവരിക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഈ രോഗം ബാധിച്ച പാവപ്പെട്ട രോഗികൾക്ക് എന്തെങ്കിലും ധനസഹായം കൊടുത്തിട്ടുണ്ടോ ; എങ്കിൽ കൊടുത്ത തുകകൾ 2011 മുതൽ ഇതുവരെ എത്രയെന്ന് വിശദമാക്കാമോ ;

(സി) ഇല്ലെങ്കിൽ ഈ രോഗികൾക്ക് അർഹതപ്പെട്ട ധനസഹായം കൊടുക്കുവാൻ തയ്യാറാകുമോ ;

(ഡി) ഈ രോഗികൾക്ക് സഹായത്തിനായി കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ 5227 പേർ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി പ്രത്യേക ധനസഹായം അനുവദിക്കുന്നതിനായി ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഫണ്ട് ലഭ്യമായിട്ടുണ്ട് :

പ്രത്യേക ധനസഹായം അനുവദിക്കുന്നതിനായി സർക്കാരിൽനിന്നും ലഭ്യമായ ഫണ്ട് വിവരങ്ങൾ

ക്രമ നം.	തീയതി	തുക അനുവദിച്ച സ്ഥാപനം	തുക (രൂപയിൽ)
1	4-6-2012	മാനേജിംഗ് ഡയറക്ടർ, കേരള പ്ലാന്റേഷൻ കോർപ്പറേഷൻ	27,04,25,000
2	19-11-2012	കേരള സാമൂഹ്യ സുരക്ഷ മിഷൻ, തിരുവനന്തപുരം	6,62,50,000
3	14-12-2012	കേരള സാമൂഹ്യ സുരക്ഷ മിഷൻ, തിരുവനന്തപുരം	11,25,00,000
4	20-2-2014	മാനേജിംഗ് ഡയറക്ടർ, കേരള പ്ലാന്റേഷൻ കോർപ്പറേഷൻ	26,02,50,000
5	28-3-2014	കേരള സാമൂഹ്യ സുരക്ഷ മിഷൻ, തിരുവനന്തപുരം	33,42,50,000
		ആകെ	1,04,36,75,000

മേൽ പ്രതിപാദിച്ച പ്രകാരം ലഭ്യമായ ഫണ്ടിൽനിന്നും 90.41 കോടി രൂപ വിവിധ തവണകളായി ദുരിതബാധിതർക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) മറുപടി (ബി)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.